
little
KITEs
വൈഖരി
പറളി ഹൈസ്കൂൾ

# പി. എച്ച്. എസ്



## ഉള്ളടക്കം

എഡിറ്റോറിയൽ ബോർഡ്........5
സമർപ്പണം........6
ലിറ്റിൽ കൈറ്റ്സ് യൂണീറ്റ് 2018-19........8
ആമുഖം........9
ആശംസ........10
മാപ്പ്........11
ആരോടും പറയാതെ........13
കവിതയുടെ ജനനം........15
തിരിച്ചറിവ്........16
അമ്മ........17
മലയാളമാണെന്റെ മാതൃഭാഷ........17
പുതിയ മുഖം........18
ഓർമ്മകൾ മായാതെ........19
പ്രകൃതിയ്ക്കായ്........22
കൃഷിക്കാരന്റെ യുക്തി........23
സ്വപ്നം........24
എന്റെ ഓർമ്മ മഴ........25
കാത്തിരിപ്പിൻ നിമിഷങ്ങൾ........26
കോഴിയും മുതലയും........27
ജീവിതം ഒരു ഗാനം........29
പറച്ചിലും പ്രവൃത്തിയും........30
ലക്ഷ്യം........31
എന്റെ ചങ്ങാതിക്ക്........33
മഴയുടെ മണികിലുക്കം........34
ഇരുട്ട്........35
ഒഴിവുകാലത്തിന്റെ സമ്മാനം........36
പ്രകൃതിയാം അമ്മ........39
എന്റെ മനസ്സിന്റെ കാത്തിരിപ്പ്........41
........44
സന്തോഷത്തിലും അച്ഛന്റെ ഓർമ്മകൾ........44
മഴക്കാലത്തിന്റെ വരവ്........46
കാത്തിരുന്ന ആ നിമിഷം........48
എൻ സി സി........50
ജെ ആർ സി........51
കായികം........52

ശാസ്ത്രോത്സവം.......53
സ്കൗട്ട്&ഗൈഡ്സ്.......54
വർണ്ണങ്ങൾ വിസ്മയങ്ങൾ.......55
നിറഭേദങ്ങൾ.......57
പിതൃമനസ്സിലെ മാതൃഹൃദയം.......59
ശ്മശാനം.......61
മരപ്രഭ.......62
നിഴൽ.......64
വിരൽത്തുമ്പ്.......66
നേർക്കാഴ്ചകൾ.......67
പാതാളം.......68
.......69
നന്ദി.......69

# എഡിറ്റോറിയൽ ബോർഡ്



അതുൽ എം
ശില്പ എസ്
അതുല്ല്യ പി വി
സന്ധ്യമോൾ വി എസ്

ഉഷ എം
ശ്രീവത്സൻ കെ
മഞ്ജുഷ.പി .വി
പ്രബിത ആർ ജി

# സമർപ്പണം

ബേപ്പൂർ സുൽത്താൻ എന്നറിയപ്പെട്ടിരുന്ന വൈക്കം മുഹമ്മദ് ബഷീർ പ്രശസ്തനായ സാഹിത്യകാരനും സ്വാതന്ത്ര്യ സേനാനിയും ആയിരുന്നു. 1908 ജനുവരി 21 ന് വൈക്കം തലയോലപ്പറമ്പ് എന്ന സ്ഥലത്തായിരുന്നു അദ്ദേഹത്തിന്റെ ജനനം.

രസകരവും സാഹസികവുമായിരുന്നു ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത് ഗാന്ധിജിയെ കാണാൻ ഒളിച്ചോടിപ്പോയത് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവായി മാറി. പിന്നീട് ഭഗത് സിംഗിനെപ്പോലെ തീവ്രവാദ സമീപനം സ്വീകരിച്ച ബഷീർ ആദ്യകാലത്ത് തീപ്പൊരി ലേഖനങ്ങൾ എഴുതി.



കുറെ വർഷങ്ങൾ ഇന്ത്യയിലൊട്ടാകെയും അറബി നാടുകളിലും ആഫ്രിക്കയിലും സഞ്ചരിച്ച ബഷീർ അങ്ങനെ ലോകത്തെയും പരിചയപ്പെട്ടു. ഇക്കാലയളവിൽ അദ്ദേഹം കെട്ടാത്ത വേഷങ്ങളില്ല. തീവ്രദാരിദ്ര്യവും മനുഷ്യദുരിതവും അടുത്തറിയാൻ ഈ യാത്ര അദ്ദേഹത്തെ സഹായിച്ചു. ഈ അനുഭവങ്ങൾ തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യവും. ജോലിതേടി പത്രാധിപരെ സമീപിച്ച

ബഷീറിനോട്,ജോലി തരാൻ നിർവ്വാഹമില്ലെന്നും പകരം കഥയെഴുതി തന്നാൽ പ്രതിഫലം തരാമെന്നും,പത്രാധിപർ പറയുന്നു. അങ്ങനെ എഴുതിയ 'തങ്കം' എന്ന കഥയാണ് അദ്ദേഹത്തിന്റെ ആദ്യ രചന.

തുടർന്ന് ഒരൊഴുക്കായിരുന്നു ബഷീർ സാഹിത്യം. താൻ അനുഭവിച്ച ജീവിത സത്യങ്ങൾ അദ്ദേഹം മലയാളിക്ക് പകർന്ന് നൽകി. അത് വെറും ഭാവന മാത്രമായിരുന്നില്ല. പച്ചപ്പരമാർത്ഥങ്ങളായിരുന്നു.

ആ വിശ്വപ്രതിഭക്കുമുന്നിൽ ഈ സ്മരണിക സമർപ്പിക്കാൻ സാധിച്ചത് അയാളെ സംബന്ധിച്ച് മഹാഭാഗ്യമായി കരുതുന്നു.

**കെ.ശ്രീവത്സൻ**

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2018-19



## പറളിഹൈസ്കൂൾ

## ആമുഖം


വിത്തുകൾ തേടി നടന്നു.........
അവ ധാരാളമുണ്ടായിരുന്നു......
ചിതറിത്തെറിച്ചവ,
വെളിച്ചം കിട്ടാത്തവ,
വെള്ളം ലഭിക്കാത്തവ,
കൂട്ടം തെറ്റിയവ...
സ്വയം ഒറ്റപ്പെടാൻ ആഗ്രഹിച്ചവ
പൂർണ്ണവിജയം അവകാശപ്പെടുന്നില്ല
ഇനിയുമുണ്ടാകും........
മറഞ്ഞിരിക്കുന്നവ......



മുളപ്പൊട്ടിയവ മുഴുവൻ
കായ്കളാവണമെന്നില്ലല്ലോ ?
ചിലതെങ്കിലും പഴുത്തെന്ന് തോന്നുന്നു.
സന്തോഷം ...സംതൃപ്തി....

വലിയ അവകാശവാദങ്ങളൊന്നുമില്ല
വിലയിരുത്തേണ്ടത് നിങ്ങളാണല്ലോ ?
ഈ സ്വപ്നയാനം നിങ്ങളിലേൽപ്പിക്കുന്നു......
ഏറ്റുവാങ്ങുക.....അനുഗ്രഹിക്കുക.....

# ആശംസ



ലിറ്റിൽ കൈറ്റ് യൂണിറ്റിന്റെ നല്ലൊരു സംരംഭമാണ് വൈഖരി. ആകർഷകവും അറിവ് പകരുന്നതുമായ രീതിയിൽ ഇ- മാഗസീൻ ആക്കിത്തീർക്കുവാൻ നിങ്ങൾ നടത്തിയ കഠിനാധ്വാനത്തേയും കൂട്ടുത്തരവാദിത്വത്തേയും ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുന്നു. മറ്റുള്ളവർക്കും ഇത് ഒരു പ്രചോദനമായിത്തീരട്ടെ....

ആശംസകളോടെ......
പ്രധാന അധ്യാപിക
എ.എം. രമ

# മാപ്പ്



പ്രകൃതിതൻ മാതാവേ,
സ്തുതിക്കുന്നു നിന്നെ ഞാൻ
നിന്റെ ചരണങ്ങളിൽ
മാപ്പപേക്ഷിച്ചു ഞാൻ.

മനുഷ്യ പിശാചുക്കൾ
ചെയ്യുന്ന കുറ്റത്തെ;
മാപ്പിനർഹമല്ലെങ്കിലും ഞാൻ
മാപ്പപേക്ഷിച്ചു നിൻ ചരണങ്ങളിൽ.
ദൈവത്തിൻ നാടിനെ ഞെട്ടി-
വിറപ്പിച്ച മഹാ പേമാരിയും,
നാടിനെ കണ്ണീരിലാഴ്ത്തിയ
പ്രകൃതിതൻ ശാപവും
എല്ലാത്തിനുമുപരിയായ് ജീവന്റെ
തുടിപ്പുകൾ നാമാവശേഷമാക്കിയ
നിൻ കോപ ജ്വാലത്തെ
എരിക്കുന്ന മനുഷ്യൻ തൻ
തീരാ ആഗ്രഹവും നശിപ്പിക്കും
നിന്നെ തീർച്ച......
വൈകില്ലൊരിക്കലും ആ കഴ്ച കാണാൻ.......!

**രേഷ്മ.കെ.ആർ**

# ആരോടും പറയാതെ...

ആരോടും പറയാതെ  പോയെങ്കിലും നിന-
ക്കൊരു, നൊമ്പരമുണ്ടെന്നെനിക്കറിയാം.
എന്തിനു, പിണങ്ങിയെന്നറിയില്ല എന്നുണ്ണി-
ക്കിടാവൊന്നുറങ്ങിയോ എന്നു പോലും
ഒരു പ്രഭാതത്തിൽ കൺമിഴിക്കുമ്പോഴേ-
ക്കൊരുപാടു ദൂരം നീ പൊയ്ക്കഴിഞ്ഞു.
ഈ മാതാവിൻ കണ്ണീരൊരിക്കലും വറ്റില്ലെ-
ന്നറിഞ്ഞെങ്കിലും ഉണ്ണി നീ, വന്നീടുമോ
ഈ കാത്തിരിപ്പിനന്ത്യമറിഞ്ഞിടാൻ
ദാഹിച്ചുപോയെൻമനസ്സാക്ഷിയും.
ഒരുപാട് തിരഞ്ഞിട്ടെന്തു കിട്ടിയെൻ-
ഉണ്ണിയെയോ അതോ നൊമ്പരമോ?
അറിയില്ല , ഒന്നും നേടിയില്ല ഞാൻ ;
ഉണ്ണിക്കു പകരം ഞാനെന്തു നേടാൻ ?
ലാളിക്കുമ്പോഴേക്കും പറന്നുപോയെന്നുണ്ണി
ഞാനെന്തു തെറ്റു ചെയ്തു?
ഒരുനോക്കു കാണ്മാൻ കഴിയുമോ?
എൻ കൺമണിയായ പൊന്നുണ്ണിയെ
ഒരു പതിറ്റാണ്ടിനു ശേഷമിന്നവൻ,
എത്രവലുതായിയാവോ ....!
ഒന്നു കാണാൻ മോഹമുള്ളിൽ ചുരക്കുന്നു

അമ്മതൻ അമ്മിഞ്ഞപ്പാല് പോലെ
അകലെയാണെങ്കിലും അകലെയല്ലെന്നൊരു
ചിന്ത മാത്രം മതി കാത്തിരിക്കാൻ.
എന്നുവരുമെന്നറിയില്ലയെങ്കിലും
ഒരുനാൾ വരുമെന്നനിക്കറിയാം.

## കവിതയുടെ ജനനം

പറയാതെ പറയുന്ന
പറയാതെ അറിയുന്ന
അഞ്ച് വരികൾ ചേർന്നാൽ
ഒരു കവിതയായ്.
ഒരു കവിയുടെ ജനനം

**അപർണ്ണ.യു.വി**

# തിരിച്ചറിവ്

അറിവ് തന്നെയാണ് ഈശ്വരാനുഗ്രഹം. അറിവുള്ള നേതൃത്വത്തിന് മാത്രമേ ഒരു ജനതയെ നന്മയിലേക്ക് നയിക്കാനും പറ്റുകയുള്ളൂ. മലകളും,കുന്നുകളും,ഇടിച്ചു നിരത്തി..... പുഴയുടെ കൈവഴികൾ അടച്ചു.വികസിപ്പിക്കുന്ന കീശകൾ ആർക്ക് വേണ്ടിയാണ്? ഒരു ജനതയുടെ നന്മക്കോ? ചിലരുടെ മാത്രം സ്വാർത്ഥതയ്ക്കോ

കേരളം വ്യത്യസ്തമാണ്.

കേരളീയർ മികച്ചവരാണെന്ന് മേനി പറയു മ്പോൾ പ്രകൃതിയെ നശിപ്പിക്കുന്ന ക്രൂരജന്മങ്ങൾ തകർത്താടുന്ന നാടും നമ്മുടെ കേരളമല്ലേ?... ജാതിയുടെ



പേരിലും,രാഷ്ട്രീയത്തിന്റെ, പേരിലും വനം കയ്യേറി വനസഹോദരങ്ങളെ പെരു വഴിയിലാക്കി അവരുടെ ജീവിതം പോലും നശിപ്പിക്കുന്ന കൊള്ള സംഘം നമ്മുടെ കേരളത്തിൽ അല്ലെ?..... ഇനിയെങ്കിലും പ്രകൃതിയെ നശിപ്പിക്കുന്ന ഹീന ജന്മങ്ങളെ എതിർക്കാൻ ഒറ്റക്കെട്ടായി കേരളം ശബ്ദിക്കുമോ ? . ഇനിയും ശബ്ദിക്കാതിരുന്നാൽ ഇനിയൊരു ജന്മം ഉണ്ടാകില്ല കേരളത്തിന് മേനി പറയാൻ......ഓർക്കുക......ഒരു ഓർമ്മപ്പെടുത്തൽ തന്നെയാണ് ഈ "പ്രളയം....."

**വിശ്വജിത്ത്**

## അമ്മ

എന്റെയുള്ളിലെ മായാത്ത
രണ്ടക്ഷരം അമ്മ
ഇതിലുമേറെപ്പറയാൻ വാക്കുകളില്ല
ഭാഗ്യമാണെന്റെയമ്മ
ശാസിക്കുമെങ്കിലും അമ്മതൻ
വാത്സല്യമാരുമറക്കരുതേ.....
അമ്മയാം ദൈവമല്ലാതൊരു
പ്രകാശവും നമ്മിൽ തിളങ്ങുവാൻ പാടുകില്ല.......



## മലയാളമാണെന്റെ മാതൃഭാഷ

മലയാളമാണെന്റെ മാതൃഭാഷ
എന്റെ സ്വകാര്യ അഹങ്കാരം.
തുഞ്ചനും കുഞ്ചനും ഒ എൻ വി യും
ജീവനർപ്പിച്ചൊരു മഹാസാഗരം.
ഭാരതപ്പുഴയുടെ സിരകളിൽ
ചോരയായ് ഒഴുകുന്ന മലയാലളമേ....
നീ.....മലയാളിക്കഭിമാനമാം വീരശൃംഖല......
ആവർത്തിച്ചിടട്ടെ മലയാളമാണെന്റെ മാതൃഭാഷ.
അമ്മയെപ്പോലെ തലോടുന്നിതാ......
അച്ഛനെപ്പോലെ ഗാംഭീര്യത....
സഹോദരിയെപ്പോലെ നിഷ്കളങ്ക...
നമുക്കിനിയെന്തുവേണം അഹങ്കരിക്കാൻ,അഭിമാനിക്കാൻ.....

മാളവിക അരുൺ

# പുതിയ മുഖം



പെൺകുട്ടികൾ പോകുന്ന വഴിയിൽ
കൂട്ടമായ് നിൽക്കുന്ന കൂട്ടരെ
പൂവാലൻ എന്നു വിളിച്ചു.
ഇഷ്ടം പറയാൻ തുനിഞ്ഞവരെ
ചെരുപ്പിന്നളവാൽ ഭയപ്പെടുത്തി.
കമന്റടിക്കാൻ നിന്നവരെ
ആങ്ങളമാരുടെ എണ്ണം പറഞ്ഞ്
ഭയപ്പെടുത്തി
സന്തോഷം പങ്കുവെയ്ക്കാനെത്തിയവരെ
രൂക്ഷമായ ദൃഷ്ടിയാലകറ്റി നിർത്തി....

ഇന്ന് ആരെയും ഭയപ്പെടേണ്ട
മുഖപുസ്തകത്തിൻ താളുകളിൽ
ആവശ്യം പോലെ കമന്റടിക്കാം,
ഇഷ്ടം പറയാം,പങ്ക് വെയ്ക്കാം ...
ചെരുപ്പും ആങ്ങളമാരും ദൃഷ്ടിയും
ഭയപ്പെടുത്തില്ല...പുതിയ മുഖവുമായി ന
മുഖപുസ്തകം തുടരട്ടെ......

**പാർവ്വതി.**

# ഓർമ്മകൾ മായാതെ

അന്ന് ഒരു വേനലുള്ളദിവസമായിരുന്നു. നട്ടുച്ചനേരത്ത് ബന്ധുവിന്റെ കല്യാണം കൂടിവരികയായിരുന്നു. ബസ്സ്റ്റാന്റിൽ നിൽക്കുമ്പോഴാണ് അവനെ ഞാനാദ്യമായി കാണുന്നത്. ഏകദേശം എന്നേക്കാൾ മൂന്ന് നാല് വയസ്സിനു താഴെയുള്ളോൻ. കൈയിലൊരു ബാഗുണ്ടായിരുന്നു. ഞാനവനെ ഒരുപാടങ്ങോട്ട് നോക്കിയില്ല, പക്ഷേ അവൻ എന്റെ അടുത്തേക്കു വന്നിട്ട് എനിക്കൊരു ജോലി തരുമോ എന്ന് ചോദിച്ചു. അലിവ് തോന്നിയ ഞാൻ ഒന്നും ചോദിക്കാതെ അവനെ കൂടെക്കൂട്ടി.

എന്റെ വീടൊരു വലിയ തറവാടാണ്. അച്ഛനും അമ്മയും മുത്തശ്ശിയും മുത്തശ്ശനും കൂടെപ്പിറപ്പുകളൊക്കെയുള്ളൊരു വലിയ കുടുംബം. ഞാൻ നാട്ടിലെ കൃഷി ഓഫീസറാണ്. എന്റെ വീട്ടുകാരും പണ്ടുമുതലേ കൃഷിയിൽ നല്ല വൈദഗ്ദ്യമുള്ളവരാണ്. ഞങ്ങൾ മാർക്കറ്റിൽ നിന്ന് അധികം സാധനങ്ങളൊന്നും വാങ്ങാറില്ല.എല്ലാം വീട്ടിൽത്തന്നെ ഉണ്ടാക്കുന്നവരാണ്. ബസ്സിൽ കയറിയപ്പോൾ ഞാനവനോട് അവനെക്കുറിച്ച് ചോദിച്ചു ,അനാഥനാണവനും വാങ്ങാറില്ല.എല്ലാം വീട്ടിൽത്തന്നെ ഉണ്ടാക്കുന്നവരാണ്. ബസ്സിൽ കയറിയപ്പോൾ ഞാനവനോട് അവനെക്കുറിച്ച് ചോദിച്ചു ,അനാഥനാണവൻ.സിനിമ എന്നത് അവൻ ജീവനുതുല്ല്യം സ്നേഹിക്കുന്ന ഒന്നാണ്.ഇത്രയും കാലം ജീവിച്ചതും പഠിച്ചതും അമ്മാവന്റെ വീട്ടിലാണ്.അവരുടെ ശകാരം കേൾക്കാനാവാതെ സ്വന്തമായൊരു ജോലിയുണ്ടാക്കി സനിമയുടെ തീരത്ത് എത്തണമെന്നാണ് അവന്റെ മോഹം. അവൻ പറയുന്നതിൽ നിഷ്കളങ്കതയുണ്ടെന്ന് തോന്നുന്നു. എല്ലാവരും അവനെയിവിടെ കൊണ്ടുവന്നതിൽ എന്നെ ശകാരിച്ചു. അവനെ എന്നും അവർ വഴക്കുപറയുകയുണ്ടായി. ഞങ്ങൾ അതൊന്നും കാര്യമായെടുത്തില്ല. ഞാനവനൊരു ജോലി ആദ്യം കണ്ടെത്തികൊടുത്തു. അതിൽ നിന്ന്കിട്ടുന്ന വരുമാനം അവൻ എന്നെഏൽപ്പിക്കുമായിരുന്നു. പെട്ടന്നുതന്നെ അവൻ എന്റെ മനസ്സിൽ ഇടം നേടി.

അഞ്ചാറുമാസം കടന്നുപോയി, കല്യാണം കഴിഞ്ഞു. എന്റെ ഭാര്യയ്ക്ക് അവനെ ഒട്ടും ഇഷ്ടമല്ലായിരുന്നു. അവനെ എന്റെ വീട്ടിൽ കിടത്തുന്നതുപോലും നമ്മുടെ ചോറ് കൊടുക്കുന്നതുപോലും അവൾക്ക് ഇഷ്ടമല്ലായിരുന്നു. അവളും വീട്ടുകാരും അവനെ കുറ്റപെടുത്തി. അവനെ അത് ഒരുപാട് വേദനിപ്പിച്ചു. സങ്കടങ്ങളും വിഷമങ്ങളും അവനാരോടും പറയാതെയായി. പക്ഷെ എനിക്കതു മനസ്സിലായി. ഈ അഞ്ചാറു മാസം കൊണ്ട് അവൻ ജോലി ചെയ്ത് ഉണ്ടാക്കിയ പണം അത് വളരെ വലുതായിരുന്നു. അതുകൊണ്ട് ഞാനവനെ സിനിമാ പഠിക്കാനായി മദ്രാസിലേക്കയക്കാൻ തീരുമാനിച്ചു. പക്ഷെ അത് അവൻ നിരസിച്ചുവെങ്കിലും ഞാനവനെ പ്രചോദിപ്പിച്ചു. എന്റെ കൈയിലുണ്ടായിരുന്ന പണവും അവൻ ഉണ്ടാക്കിയ പണവും കൊടുത്ത് ഞാനവനെ മദ്രാസിലേക്ക് പറഞ്ഞയച്ചു.മദ്രാസിലേക്ക് പോകും മുന്നെ അവൻ എന്റെ കൈയ്യിൽ ഒരു ഡയറി തന്നിട്ടുപോയി. ആ ഡയറിയിൽ ഒരു ആലില അവൻ വച്ചിരുന്നു. കാലങ്ങളേറെ നീണ്ടു പോയിട്ടും ഞാനവനെ കണ്ടില്ല. ഋതുഭേദങ്ങൾ മാറിമാറി പെയ്തൊഴിഞ്ഞു. എല്ലാവരും വന്നു പോകുന്നു പക്ഷെ അവൻ മാത്രം വന്നില്ല. ഇനിയും കാത്തിരിക്കാൻ നാളുകളേറെയുണ്ടെന്നു വിചാരിച്ച് ഞാനെന്റെ ജീവിതം  മുന്നോട്ടു നീക്കുകയാണ്.

**അതുല്യ.കെ.ആർ**
**ൻ .ജെ**

# പ്രകൃതിയ്ക്കായ്

പ്രകൃതിയ്ക്കായ് സമർപ്പിപ്പൂ ആശ കൈവിട്ട
ദിനമോരോന്നും
നിനക്കെന്തു നൽകും ഞാൻ,നിനക്കായ്
ഞാനെന്തു ചെയ്യും?
നിനച്ചിരിക്കാൻ മാത്രമുള്ളതാണോ
ഈ ജന്മസാഫല്യം;
നിനക്കായ് സമർപ്പിപ്പൂ നിന്നെ
വധിക്കുവാൻ കൈക്കൂലി നൽകിയ
ജന്മങ്ങളെയെങ്ങനെ ഞാൻ മറക്കും?
ഇതിനു പ്രതികാരമെങ്ങനെ വീട്ടും ഞാൻ
ജീവിച്ചിരിക്കെ നടന്നീടുമോ?
എന്തിനീ നാശം ഈ ഭൂമിക്കു മാത്രം,
മക്കളെപ്പോറ്റിയെന്നൊരു കുറ്റമാണോ?



# കൃഷിക്കാരന്റെ യുക്തി

പണ്ടൊരിടത്ത് ഒരു നല്ല കൃഷിക്കാരനുണ്ടായിരുന്നു. അദ്ദേഹം കൂലിപ്പണി ചെയ്താണ് കുടുംബം പോറ്റിയിരുന്നത്. ഓരോ ദിവസവും കൂലിയായി കിട്ടുന്ന തുകയിൽ നിന്നും ഒരു നിശ്ചിത തുക മിച്ചം വച്ച് അയാൾ കുറച്ച് കൃഷിനിലം വാങ്ങി. അവിടെ നല്ല ഒരു മുന്തിരിത്തോട്ടം വളർത്തിയെടുത്തു. കാലക്രമത്തിൽ അവർ വലിയ സമ്പന്നരായി മാറി. നാടിന്റെ നാനാഭാഗത്തുനിന്നും ആളുകൾ മുന്തിരി വാങ്ങാൻ വരികയും അങ്ങനെ വലിയ ധനികനായി ഒത്തിരി ആളുകൾക്ക് ജോലി നൽകുകയും ചെയ്തു.കൃഷിക്കാരന് മൂന്ന് ആൺമക്കളുണ്ടായിരുന്നു.അവർ മൂന്നുപേരും തന്നെപ്പോലെ നല്ല കൃഷിക്കാരായിത്തീരണമെന്ന് അയാൾ ആഗ്രഹിച്ചു.എന്നാൽ മക്കളാകട്ടെ തീർത്തും അലസന്മാരായി വളർന്നു. കാലം കുറെ കഴിഞ്ഞു.കൃഷിക്കാരൻ അവശനിലയിലായി.അയാൾ മക്കളെ വിളിച്ച് താൻ മരിക്കാറായെന്നും മക്കൾക്കായി ഒരു സ്വകാര്യനിധി തോട്ടത്തിൽ കുഴിച്ചിട്ടിട്ടുണ്ടെന്നും തന്റെ മരണശേഷം അത് മൂന്ന് പേരും കൂടി കുഴിച്ചെടുക്കണമെന്നും പറഞ്ഞ് മരിച്ചു.മക്കൾ നിധി അന്വേഷിച്ച് തോട്ടം കിളച്ചു മറിച്ചു.നിലം നന്നായി ഇളകിമറിഞ്ഞപ്പോൾ മുന്തിരിക്കൃഷി പുഷ്ടിപ്പെട്ടു.അവർക്ക് നല്ല വിളവും ലഭിച്ചു.പിതാവ് പറഞ്ഞ നിധി അതായിരുന്നുവെന്ന് അവർക്ക് ബോധ്യമായി.

**അതുല്ല്യ .പി.വി.**
**൯.എഫ്**

# സ്വപ്നം

എന്മനമായിരം സ്വപ്ന-
ങ്ങളാൽ ത്രസിക്കുന്നിതാ.....
ഓരോ ദിനവും എന്നുള്ളിൽ
ഒരുപാട് സ്വപ്നങ്ങൾ മൊട്ടിടുന്നു.
അതിലൊരു സ്വപ്നമാണെനിക്കെൻ
ജീവിതലക്ഷ്യത്തിലെത്തീടുവാൻ.
ആ സ്വപ്നമെന്നുഞാൻ കണ്ടീടും,
ആ സ്വപ്നത്തിലെത്തുവാൻ കരുതിടുന്നു.
അന്നു ഞാൻ കണ്ടൊരു സ്വപ്നത്തിനുള്ളിലെ
നിഗൂഢമായൊരു സ്നേഹപുഷ്പം.
ആ പുഷ്പം വിരിയുവാൻ കാത്തിരി-
ക്കുന്നിതാ... നറുമണം വിതറു-
മെന്ന പ്രതീക്ഷയുമായ്.
അന്നു ഞാൻ കണ്ട ഈ സ്വപ്നത്തിൻ
സാഫല്യം ഇന്നൊരു പുഷ്പമായ് വിടർന്നിടുന്നു
ആ പുഷ്പം വിടരുമ്പോളതിൻ-
നറുമണമിന്നെൻ ശിഷ്യരിലെത്തീടുന്നു.

-ഹരിത.ടി.എച്ച്
ൻ.ഡി

## എന്റെ ഓർമ്മ മഴ

എന്തു സുന്ദരമാമീ മഴ
എന്തു മനോഹരമാമീ മഴ
തുശിപോലെയും  വെള്ളിപോലെയും
പേശലകാന്തിയാം വിണ്ണിൽ നിന്നും
ഭൂമിയിലേക്കു താഴുന്നീ മഴ
അന്തിയിൽ വെള്ളി നൂലു പോലെ
കാറ്റത്ത് പറക്കുന്നീ മഴ
മരത്തിന്റെ കൊമ്പിൽ നിന്നും
കിളികൾ പാടുന്ന മധുരമായ്
എന്തു സുന്ദരമാമീ മഴ
എന്തു മനോഹരമാമീ  മഴ

*അപർണ്ണ യു വി*

# കാത്തിരിപ്പിൻ നിമിഷങ്ങൾ

എൻ ജീവിതത്തിൽ നീ
ആദ്യമായി സ്പർശിച്ച നിമിഷത്തിൽ
നിൻ രൂപമെൻ മനസ്സിൽ കിടപ്പൂ
നിന്നെ ഞാൻ പ്രതീക്ഷിച്ച നാളുകളിൽ
എന്നടുത്തേക്കു നീ വന്നില്ല.....
എൻ മനസ്സിൽ വീർപ്പുമുട്ടുകയായ്......
എന്നാലുമെൻ വിശ്വാസ-
മെൻ കൈക്കുള്ളിലമർന്നു നിന്നു.....
ഞാൻ കാത്തു നില്പുവെൻ
ജീവിതാവസാനം വരെ .....

**അക്ഷര ലാൽ**
***9 ഐ***

# കോഴിയും മുതലയും

പണ്ട് പണ്ട് ഒരു ഗ്രാമത്തിൽ തള്ളക്കോഴിയും കുട്ടികളും ഉണ്ടായിരുന്നു ഒരു ദിവസം കുഞ്ഞികോഴി വിശന്നു കരയാൻ തുടങ്ങി. ആ സമയം തള്ളക്കോഴി ഭക്ഷണവും തേടി പുറത്തിറങ്ങി.നടന്ന് നടന്ന് അവൾ നദിക്കരയിലെത്തി.അവിടെ പച്ച പിടിച്ച കിടക്കുന്ന വിശാലമായ ചോളവയലുകളുണ്ടായിരുന്നു.കോഴിക്കുഞ്ഞുങ്ങൾക്ക് ചോളം വളരെ ഇഷ്ടമായിരുന്നു. അത് തിന്നാൽ തന്റെ മക്കൾ വേഗം വളരും,ശക്തരായി മാറും അതായിരുന്നു കോഴികളുടെ നാട്ടറിവ്.അവൾ ഒരുപാട് ചോളം ശേഖരിച്ചു.ചോളങ്ങൾ ശേഖരിച്ച് അവൾ മടങ്ങാൻ തുടങ്ങുമ്പോഴാണ് ഒരു മുതല അവിടെ പ്രത്യക്ഷപ്പെട്ടത്.

"എടീ .... നീ ഇവിടെ എന്തെടുക്കുകയാ?"ഒട്ടും മയമില്ലാതെയാണവൻ അത് ചോദിച്ചത്.ഭീമനായ മുതലയെ പിണക്കേണ്ടെന്നു കരുതി തള്ളക്കോഴി പറഞ്ഞു.

"മുതലച്ചേട്ടാ,എന്റെ മക്കൾക്ക് കുറച്ച് ചോളം ശേഖരിക്കുകയാ.... അവർ വിശന്നു കരയുന്നുണ്ടാവും .ഞാൻ പോകട്ടെ......"

"പോകാൻ വരട്ടെ!എന്റെ അനുവാദമില്ലാതെ നീ എങ്ങനെയാ ഇവിടെ പ്രവേശിച്ചത്!"അധികാര ഭാവത്തിലാണവൻ അത് പറഞ്ഞത്.വെറുതെ ശണ്ഠകൂടേണ്ടെന്ന് കരുതി തള്ളക്കോഴി ക്ഷമ പാലിച്ചു."ക്ഷമിക്കണം മുതലച്ചേട്ടാ....നദിക്കരയിലെ ഈ തോട്ടം തങ്കളുടെതാണെന്നറിഞ്ഞിരുന്നില്ലാ.....ഇത്തിരി ചോളം ഒരുപാട് അദ്ധ്വാനിച്ചാണ് ഞാൻ ശേഖരിച്ചത്.ഇതു ഞാൻ എടുത്തോട്ടെ".

*അവൾ ദീനമായി കെഞ്ചി.എന്റെ അനുവദമില്ലാതെ ഇവിടെ പ്രവേശിക്കുന്നതു എനിക്ക് ഇഷ്ടമല്ല...അതിക്രമിച്ച* കടക്കുന്നവർക്കു വധശിക്ഷയാണ് എന്റെ സാമ്രാജ്യത്തിൽ പതിവ്.

നിനക്കും അതാണ് ശിക്ഷ..."
മുതല ഭീഷണിപ്പെടുത്തി
"കൊല്ലുമെന്നോ?എന്നെയോ?"
തള്ളക്കോഴിയുടെ ചോദ്യം കേട്ടപ്പോൾ മുതല അമ്പരന്നു.
"മുതലച്ചേട്ടാ..താങ്കൾക്കു എന്നെ കൊല്ലാൻ കഴിയില്ല. നാം ഒരേ കുടുംബക്കാരാണ്.ഒരു സഹോദരൻ മറ്റൊരു സഹോദരിയെ കൊല്ലുമോ?"
തള്ളക്കോഴി സംശയം പ്രകടിപ്പിച്ചു

**കാവ്യ.പി**
***൯.ബി***

# ജീവിതം ഒരു ഗാനം.....

ജീവിതം ഒരു ഗാനം പോലെ,
സഞ്ചരിച്ചുകൊണ്ടിരിക്കുന്നു എന്റെ വികാരം.
നിരാലംബരായ സ്ത്രീകളെയും അനാഥരായ
കുഞ്ഞുങ്ങളെയും കാണുമ്പോൾ
നിർവികാരമാകുന്നെൻ കണ്ണുകൾ.
ഒഴുകുന്ന പുഴപോലെ
എന്റെ പ്രായം സഞ്ചരിക്കുന്നു.

കാറ്റ് പോലെ, ഗാനം പോലെ, ആഹ്ലാദം പോലെ,
സങ്കടം പോലെ,വികാരം പോലെ-
അങ്ങനെ അനേകം രചനകൾ പോലെ
ജീവിതം ചലനാത്മകമാണ്.
ചലനമില്ലെങ്കിൽ ജീവിതമില്ല.
പ്രഭാതം,പകൽ,ഉച്ചനേരം,വൈകുന്നേരം,
സന്ധ്യ,രാത്രി എന്നിങ്ങനെ -
ദിവസത്തിന്റെ ഓരോ ഘട്ടവും നിസ്സഹമായ-
കണ്ണുകളേയും സഹജീവിതത്തിന്റെ ദിവസമായി മാറുന്നു.

***ആര്യ എ.ജി***

# പറച്ചിലും പ്രവൃത്തിയും

ഹിമാലയത്തിൻെറ താഴ്വരയിലെ കൊടും കാട്ടിലൂടെ നടക്കുകയാണ് ഒരു ഗ്രാമീണനും ബ്രിട്ടീഷുകാരനായ വേട്ടക്കാരനും. ഗ്രാമീണനെ തൻെറ ഉന്നം കാണിക്കുന്നതിനായി വേട്ടക്കാരൻ ഇടയ്ക്കിടെ പക്ഷികളെയും മറ്റും വെടിവച്ച് വീഴ്ത്തിക്കൊണ്ടിരുന്നു. "നിങ്ങൾ ഇന്ത്യക്കാർക്ക് ഇങ്ങനെ ഉന്നം പിടിച്ച്, പറക്കുന്ന പക്ഷിയെ വീഴ്ത്താനൊന്നും അറിയില്ല.",വേട്ടക്കാരൻ വീരവാദം പറഞ്ഞു. അവൾ കുറെ ദൂരം നടന്നു."ഗർർ....."
അതാ,തൊട്ടടുത്ത് ഒരു പുലി അവർക്കുനേരെ കുതിക്കാനൊരുങ്ങി നിൽക്കുകയായിരുന്നു.വേട്ടക്കാരൻ തോക്കിൻെറ കാഞ്ചിയിൽ വിരലമർത്തി പക്ഷേ, അതിൽ ഉണ്ടയെല്ലാം തീർന്നിരുന്നു.പെട്ടെന്ന് ഗ്രാമീണർ തൻെറ കൈയിലെ ,അറ്റം കൂർപ്പിച്ച കുന്തം ഒറ്റയേറ്......അത് കൃത്യം പുലിയുടെ ദേഹത്തു തന്നെ കൊണ്ടു.പുലി തിരിഞ്ഞോടിപ്പോയി.
“ഞങ്ങൾ വീരവാദം പറയാറില്ല പ്രവർത്തിക്കാറാണ് പതിവ്.”
ഇപ്പോൾ മനസ്സിലായില്ലേ? ഗ്രാമീണൻ പറഞ്ഞതുകേട്ട് വേട്ടക്കാരൻ ഒന്നും മിണ്ടാതെ നിന്നതേയുള്ളൂ.


**അതുൽ കൃഷ്ണ കെ യു**

ൻ .ഡി

# ലക്ഷ്യം

**എന്നുള്ളിലായിരം  സ്വപ്നച്ചിറകുണ്ട്,**

അതിരറ്റ ഇച്ഛയും  അത് വിടർത്താൻ.
ആ കളങ്കിതമായ പൈതലിൻ ഭാവവും,
വേഷപ്പകർച്ചയും പൊടിതട്ടുവാൻ.
ബാല്യകാലം സ്മരിച്ചീടുവാൻ മാത്രമെൻ
ബാല്യത്തിലെത്തു നടന്നീടുവാൻ.
ഇനിയും വിടരാത്ത നറുപുഷ്പ-
ഭാവമാൽ ഇനിയൊരു ബാല്യവും വീണ്ടെടുക്കാൻ.
അന്നത്തെ  ആശയും മോഹവും നിനവു-
മെല്ലാം തന്നെയെന്നുള്ളിൽ ഇന്നുമുണ്ട്.
ആ ലക്ഷ്യമെന്തെന്നറിയാനായ് ഞാൻ വൈകി-
യെന്നൊരു ശങ്കയും ബാക്കിയുണ്ട്.
അകലയാണെങ്കിലും അകലെയല്ലെന്നൊരു
ചിന്ത മാത്രം മതി മുന്നിലെത്താൻ.
ഒരു നൂറു സ്വപ്നങ്ങൾ പൂവണിയാൻ
മാത്രമതിരറ്റ  ആഗ്രഹമുണ്ടെന്നുള്ളിൽ.
അതിലൊരു മോഹമാണെന്നും എനിക്കൊരു
നല്ലൊരു അധ്യാപികയാകുവാൻ.
അതിലൊരു സ്വപ്നച്ചിറകുണ്ട്,പഠനവും
നിനവായ  നല്ലൊരു ഭാവിയുണ്ട്.
അറിയില്ല,അരികിലെത്തീടുമോയെങ്കിലും
അകലെയല്ലെന്നൊരു തോന്നലുണ്ട്.
ആ സ്വപ്നഭാവിയിൽ  നല്ലൊരു കൂടാരം
വൈകാതെ തന്നെ  ഞാൻ  പണിതുയർത്തും.



***അപർണ.യു.വി***
**ൻ.ഡി**

## എന്റെ ചങ്ങാതിക്ക്....

*കാലമെന്നെ കാത്തുനിൽക്കാതെ*
*ഒരുപാടകലെ പോയ് മറഞ്ഞു*
*മഴ നനഞ്ഞ പാതകളിലൂടെ*
*പുഴയൊഴുകും തീരങ്ങളിലൂടെ*
*നിൻ വെളിച്ചത്തിനായ് കാത്തുനിന്നു.*
*ആരാരുമെൻ അരികിലില്ലാ നിമിഷങ്ങൾ*
*ഒരുപിടിക്കൂട്ടിനായ് കൊതിച്ചുനിന്നു.*
*ഒന്നുപറയുവാനും എന്നെ നീയറിയുവാനും*
*ഒരുചെറുപക്ഷിയായ് നീ വന്നിരുന്നേൽ*
*ഒരുപാട് സന്തോഷം നിന്നോടു പറയുവാൻ*
*കൊതിച്ചു നിൽക്കുകയാണെന്റെയുള്ളം*
*അപ്പോഴും നീ എന്റെ കൂടെ ഒരു കൂട്ടായ്*
*നിൽക്കുമെന്നും ഞാൻ പ്രതീക്ഷിച്ചു......*

– ***ഫെമിന പി എസ്***
***ൻ.ജെ***

# മഴയുടെ മണികിലുക്കം

എന്റെ ജീവിതത്തിൽ മഴ എനിക്ക് ഒരനുഗ്രഹമായിരുന്നു. കുഞ്ഞ് കാർമേഘങ്ങളുടെ ആഹ്ലാദവും ആനന്ദവും എനിക്ക് പകർന്നു. എന്റെ ജീവിതത്തിൽ അനേകം ദിവസങ്ങളിലും മഴ എന്റെ ഒപ്പം ഉണ്ടായിരുന്നു. ഒരു ജൂൺ മാസം ഒന്നാം തീയ്യതി ഞാൻ എന്റെ വിദ്യാലയത്തിൽ എത്തി. ഞാൻ ആദ്യഅക്ഷരം കുറിക്കുമ്പോഴും എനിക്ക് മഴ ഒരു അനുഗ്രഹമായി തോന്നി. അങ്ങനെ മഴയുമായി നല്ല അനുഭവങ്ങൾ എനിക്ക് ഉണ്ടായിരുന്നു. എന്റെ അനിയത്തിയുടെ ജനനം മുതൽ എന്റെ ജന്മമാസമായ ജൂൺ മാസം അങ്ങനെ മഴ എന്റെ അടുത്ത് ബന്ധുവായി മാറി. തുലാമഴയുടെ സംഗീതം എനിക്ക് ജീവിതമായി തോന്നി. തവളകളുടെ ശബ്ദവും ചെറിയ ജീവികളുടെ ഈണവും അങ്ങനെ പല പല കാര്യങ്ങൾ ഓർക്കാൻ ഉണ്ട്. ഇടവഴിയിലൂടെ പതഞ്ഞൊഴുകുന്ന ചെളിവെള്ളം തട്ടിത്തട്ടി സ്കൂളിലെത്തുമ്പോഴേക്കും പാവാടയുടെ പകുതിയും നനഞ്ഞിട്ടുണ്ടാവും അങ്ങനെ ഒരു ബാല്യകാലം ..... ഞാൻ കൂടുതൽ മഴ അനുഭവിക്കുന്നത് പകൽസമയങ്ങളിൽ മാത്രമാണ് . മാധുര്യം തുളുമ്പുന്ന കുഞ്ഞുമഴത്തുള്ളികളിൽ പവിഴമുത്തുപോലെ ഉള്ള മഴത്തുള്ളികൾ . ഇടവഴിയിൽ വെച്ച് പെട്ടെന്നുണ്ടാകുന്ന തുലാമഴയും മിന്നലും എത്രയോ വട്ടം എന്നെ ഭയപ്പെടുത്തിയിരിക്കുന്നു. ഞാൻ എവിടെ പോയാലും മഴ എന്റെ ആത്മബന്ധമായി ഉണ്ടാകും. മഴ പുതിയ ജീവന്റെ അനുഭൂതിയാണ്, ജന്മത്തിന്റെ ഭംഗിയാണ്, ജീവിതത്തിന്റെ കലയാണ്, പ്രണയത്തിന്റെ ആത്മഗീതമാണ്, ആകാശത്തിന്റെ കണ്ണീരാണ് മഴ. ഈ മഴയിൽ

അലിഞ്ഞുചേരാൻ ഞാൻ ആഗ്രഹിക്കുന്നു...

**.ആദിത്യ യു എസ്**

# ഇരുട്ട്

ഞാനമ്മയോട് ചോദിച്ചു ...അമ്മേ,
ഈ ഇരുട്ടെങ്ങനേയാ ഉണ്ടാവുന്നെ?
അമ്മയെൻ നെറുകയിൽ തലോടി-
ക്കൊണ്ട് പറഞ്ഞു, മോളേ...
ഇരുട്ട് ഈ പ്രകൃതിതൻ പ്രതിഭാസമാണ്.
അപ്പോൾ ഞാനിരുട്ടിനെ നോക്കി
പുഞ്ചിരിച്ചു.
ആ പുഞ്ചിരിയിൽ ഇരുട്ടെന്നെ തലോടി.
ആ തലോടലിൽ ഒരു മൗനമൊളി-
ഞ്ഞിരിക്കുന്നുണ്ടെന്ന് ഞാനറിഞ്ഞു



–നിതിൻ.എം

# ഒഴിവുകാലത്തിന്റെ സമ്മാനം

കൽക്കട്ടയിൽ നിന്ന് ഒഴിവുകാലത്ത് ആ കുടുംബം നാട്ടിലേക്ക് പോകാൻ തീരുമാനിച്ചു. ലക്ഷ്മിയുടേയും കൃഷ്ണന്റെയും മക്കളായിരുന്ന ചിന്നുവും അപ്പുവും. അവരാണ് ഒഴിവുകാലം മുത്തശ്ശന്റെയും മുത്തശ്ശിയുടേയും കൂടെ ചെലവഴിക്കണമെന്ന് വാശിപിടിച്ചത്.ആ വാശിയുടെ അവസാനം അവർ നാട്ടിലെത്തി.നഗരത്തിൽ നിന്ന് നാട്ടിലെത്തിയപ്പോൾ സ്വർഗ്ഗലോകത്ത് എത്തിയപോലെയാണ് അവർക്ക് തോന്നിയത്.



കുന്നും, കുളവും, അരുവിയും, പൂക്കളും, പൂമ്പാറ്റകളും ഉള്ള അവിടം അവരെ അത്ഭുതപ്പെടുത്തി.ചെറുപ്പത്തിലെന്നോ വന്നു പോയ ഓർമ്മ അത്രയേ ഉള്ളൂ. മുത്തശ്ശനേയും മുത്തശ്ശിയേയും കണ്ടപ്പോൾ അവർ ഒരുപാട് സന്തോഷിച്ചു. ലക്ഷ്മിക്കും കൃഷ്ണനും അവിടം ഇഷ്ടമായില്ലെങ്കിലും മക്കൾക്കുവേണ്ടി അവിടെ നിൽക്കാൻ തീരമാനിച്ചു. കുറഞ്ഞ ദിവസം കൊണ്ട് തനി നാട്ടിൻ പുറത്തെ കുട്ടികളായി മാറി അപ്പുവും ചിന്നുവും. മാവിൻ ചുവട്ടിലെ ഊഞ്ഞാലാട്ടം അവരിലിണ്ടാക്കിയത് വല്ലാത്ത ഒരു അനുഭവമായിരുന്നു. മുത്തശ്ശന്റെ കൂടെ നാടു മൊത്തം അവർ കണ്ടു രസിച്ചു. കുട്ടികളുടേയും പൂമ്പാറ്റകളുടേയും കൂടെ അവർ ആടിയും പാടിയും കഴിഞ്ഞു. മുത്തശ്ശിയുടെ കഥകൾക്കെന്തോ മാന്ത്രിക ശക്തി ഉണ്ടായിരുന്നു.എത്ര കേട്ടാലും മതിയാകില്ല. മുത്തശ്ശിയുടെ നെയ്യപ്പത്തിന്റെയും ഇലയടയുടേയും സ്വാദ് വാക്കുകളിൽ ഒതുക്കാവുന്നതല്ല. അങ്ങനെയിരിക്കുമ്പോഴാണ് മാവ് നിലം പതിച്ചത്.

ചിന്നുവിനും അപ്പുവിനും വലിയസങ്കടമായി. അതിലുണ്ടായിരുന്ന ജീവജാലങ്ങളെല്ലാം അവിടം വിട്ടു പോയി. കുറച്ചു ദിവസമെടുത്തു ആ വിഷമം മറക്കാൻ. ഒഴിവുകാലം കഴിഞ്ഞ് അവർ നഗരത്തിലേക്ക് സങ്കടത്തോടെ യാത്രയായി. അപ്പോൾ വെളിച്ചത്തിൽ നിന്ന് ഇരുട്ടിലേക്ക് തെന്നി വീണതായി തോന്നി. എങ്കിലും ഒഴിവുകാലം സമ്മാനിച്ചത് ഒരു പിടി നല്ല ഓർമ്മകളായിരുന്നു.....അടുത്ത ഒഴിവുകാലത്തിനായി അവർ കാത്തിരുന്നു.

**സിൽജ**

**9.ഇ**

# പ്രകൃതിയാം അമ്മ

എൻ ജീവന്റെ അംശം നീ.......
എൻ മാതാവും നീ..............
പ്രകൃതിയെ.....കേൾക്ക നീ.....
പ്രകൃതി തൻ മക്കളെന്നു നമ്മെ
സംബോധന ചെയ്യുന്നത്.
ഭൂമിയിൽ നാം സുരക്ഷിതരാണ്
അമ്മതൻ വാത്സല്ല്യമേറ്റ
വളരുന്ന പൈതലേ പോലെ.
അമ്മതൻ മടിത്തട്ടിൽ വാഴുന്ന
പൈതലായ നമ്മളറിയുക
മക്കളായി കാണുന്ന തൻ പ്രകൃതിയെ
നാം എന്നും സുരക്ഷിതരാക്കേണം
അറിയുന്നില്ല നമ്മൾ മനുഷ്യർ ഇന്നും
ഭൂമിയെ നശിപ്പിക്കുകയാണെന്ന്........
അറിയുക നീ മനുഷ്യരെ......
നിൻ കപട നിദ്രയിൽ നിന്നുണരുക......
നാം ചെയ്യുന്ന നീച പ്രവർത്തി-
യൊരിക്കൽ തനിക്കു മുന്നിൽ വന്നു
ചോദ്യങ്ങൾ നിരത്തും.
അന്നു നാം ഗ്രഹിപ്പൂ പ്രകൃതിയാം അമ്മ
ക്ഷണനിമിഷത്താൽ നശിപ്പിതല്ല.
ഭൂമിദേവിതൻ രക്ഷയ്ക്കായി
തൻ കാളീരൂപം പ്രകടമാക്കിടും........

അക്ഷര ലാൽ
൧൦ .ഐ

# എന്റെ മനസ്സിന്റെ കാത്തിരിപ്പ്

എന്നുമെൻ ഓർമകളിൽ അച്ഛനെ,
തേടുകയായ്.......
കുഞ്ഞിളം കാറ്റുപോലെ നിന്നെ,
തിരയുകയായ്.......
അച്ഛന്റെ ചിന്തയെന്നിൽ,
തേങ്ങി കരയാനായ് വെറുമൊരു ജീവിതം.
ദൂരേക്ക് പോയച്ഛൻ തിരികെ വരുമെന്നാ-
ചിന്തയിലെന്നും ഞാനിരുന്നു.

കാത്തിരിപ്പിന്റെ വേദനയെന്നും
എന്നുമെൻ ഉള്ളിൽ കനലായ്
അച്ഛനെൻ കൂടെയുണ്ടായിരുന്നെങ്കിലെന്നു
ഞാനേറെയാഗ്രഹിച്ചു പോയ്.
എന്നുമാ പടിവാതിൽക്കെ ലെന്നച്ഛൻ,
വരുമെന്നാശിച്ചു ഞാൻകാത്തിരുന്നു.
അച്ഛന്റെ ഓർമകളിൽ അമ്മ കരയുമ്പോൾ
എന്നുമെന്നുള്ളിൽ അലയടിച്ചു.

ആകാശമെന്നാ നീളുന്ന,
നീലിമയിൽ......
എങ്ങോ അച്ഛൻ പോയ് മറഞ്ഞു ,
ഒരുവട്ടമെന്നച്ഛനെ കാണുവാൻ,
എത്ര മാത്രം ആശിച്ചു ഞാൻ,
എൻ ആശകൾക്കെന്നും പേമാരി,
നൽകി നീ എങ്ങു പോയി.
എൻ മനസ്സിലെ സ്നേഹം വലിച്ചെറിഞ്ഞെങ്ങു പോയി.....

സ്നേഹിച്ചിരുന്നു ഞാനേറെയെന്നച്ഛനെ,
ജീവനെക്കാളുമേറെ
കാത്തിരുന്നു കാലങ്ങളേറെ,
അച്ഛനെയൊന്നു കാണുവാനായി.

എന്റെ ആഗ്രഹം ആരോടു,പറയുവാൻ......?
എന്നിലെ കാത്തിരിപ്പിന്നു വിരാമമുണ്ടോ .....   ?
ഇന്നും ഞാനാ കാത്തിരിപ്പിന്റെ,
സുഖം അനുഭവിക്കുന്നു..........

**രേഷ്മ കെ ആർ**

# സന്തോഷത്തിലും അച്ഛന്റെ ഓർമ്മകൾ

പാടവരമ്പിലൂടെ നടക്കുകയാണ് അപ്പു. ഇന്നലെ ചെയ്ത അച്ഛന്റെ കർമ്മങ്ങളോർത്ത് അവന്റെ മനസ്സ് വിങ്ങുന്നു. ചിതാഭസ്മം പുഴയിലൊഴുക്കുമ്പോൾ അവന്റെ കണ്ണിൽ നിന്നും മഴപോലെ കണ്ണുനീർ പൊഴിയുന്നുണ്ടായിരുന്നു. അച്ഛനായിരുന്നു കുടുംബം നോക്കിയിരുന്നത്. ഇനി കുടുംബത്തിൽ മൂത്തമകൻ അപ്പുവാണ്. അപ്പുവേണം ഇനി കുടുംബം നോക്കാൻ. പഠിക്കാൻ പോകുന്ന അനിയത്തിയെ വലിയ നിലയിലാക്കണമെന്ന് അച്ഛന് ആഗ്രഹമുണ്ടായിരുന്നു. അത് സഫലമാക്കണം. വയ്യാത്ത അമ്മയെ ചികിൽസിച്ച് അസുഖം മാറ്റണം. അനിയത്തി അമ്മുവിന്റെയും അമ്മ സരിതയുടെയും കാര്യങ്ങളായിരുന്നു അപ്പുവിന്റെ മനസ്സിൽ നിറഞ്ഞിരുന്നത്. കൂടാതെ അച്ഛന്റെ ഓർമ്മകളും. അവൻ തളരാതെ പിടിച്ചുനിന്നു. അപ്പുവിന് വെറും 16 വയസ്സ് മാത്രമേ പ്രായമുള്ളൂ എങ്കിലും അവൻ ജോലിക്ക് പോയിത്തുടങ്ങി. തന്റെ കുടുംബം പട്ടിണി കിടക്കാൻ അവൻ സമ്മതിച്ചില്ല. പക്ഷെ അനിയത്തിയുടെ വിദ്യാഭ്യാസം മുടങ്ങി. അവൻഒരു 20 വയസ്സായപ്പോഴേക്കും അത്യാവശ്യം തയ്യൽ പഠിച്ചു. പിന്നീടവർ രാത്രിയെന്നോ പകലെന്നോ ഇല്ലാതെ അവൻ വിവിധ തരത്തിലുള്ള ജോലിക്ക് പോയി. ശേഖരിച്ചു വച്ച പൈസകൊണ്ട്അവൻ ഒരു ഓട്ടോ വാങ്ങി. അങ്ങനെ ആ വഴിയിലൂടെയും സമ്പാദിക്കാൻ തുടങ്ങി. അവൻ ജോലിചെയ്യുന്ന കടയിൽ എന്നും ഒരു വലിയ പണക്കാരിയായ ജീന എന്ന പെൺകുട്ടി വരുമായിരുന്നു. അപ്പു കാണാൻ തരക്കേടില്ല സ്വഭാവവും നല്ലതാണ്. ജീനയ്ക്ക് അപ്പുവിനെ ഇഷ്ടമായി. പിന്നെ ഒട്ടും താമസിച്ചില്ല അവരുടെ വിവാഹം നടന്നു.

അനിയത്തിയെ വീണ്ടും സ്കൂളിൽ വിട്ട് പഠിപ്പിക്കാൻ ജീന ആവശ്യപ്പെട്ടു. അമ്മു നല്ല പഠിക്കുന്ന കുട്ടിയാണ്. അവൾ നന്നായി പഠിക്കുന്നുമുണ്ട്. അമ്മയുടെ അസുഖമെല്ലാം വലിയ ചികിൽസിച്ച് ഭേദമാക്കാൻ സാധിച്ചു. എങ്കിലും അപ്പുവിൻെറ മനസ്സിൽ എന്നും മറക്കാത്ത ഓർമ്മയായി തന്റെ അച്ഛന്റെ മരണമുണ്ട്. എങ്കിലും അപ്പു ആ വിഷയം പുറത്തറിയിക്കാതെ സന്തോഷത്തോടെ ജീവിച്ചു. പിന്നീട് അമ്മുവിനെയും നല്ലൊരു കല്ല്യാണംതേടി വന്നു. പക്ഷെ അവന്റെ മനസ്സിലുള്ള മറക്കാത്ത ഓർമ്മ തന്റെ "അച്ഛനായിരുന്നു."

**–കാർത്തിക**

# മഴക്കാലത്തിന്റെ വരവ്

സ്കൂളെല്ലാം തുറന്നല്ലോ
മഴ തുള്ളിത്തുള്ളി വന്നല്ലോ
വേനലൊഴിവെത്ര വേഗം പോയ്
വേനൽക്കാലം കഴിഞ്ഞേപോയ്
വേലയും പൂരവും എല്ലാം പോയ്
പൂക്കണിവച്ച വിഷുവും പോയ്
ദേശാടനപക്ഷികളെല്ലാം പോയ്
കാർമേഘങ്ങൾ ഇരുണ്ടല്ലോ
തുള്ളികൾ മണ്ണിൽ പതിച്ചല്ലോ
പുതുമണം തൂകും നറുമണ്ണും
പുതുപാഠപുസ്തകങ്ങളുമെല്ലാം
മണ്ണും മനുഷ്യനും ജന്തുക്കളും
മഴയെവരവേൽക്കാൻ തയ്യാറായി
പലനിറമോലും മഴവില്ലിൻ
കുടകൾക്കകീഴിൽ കുട്ടികളും
മഴവെള്ളച്ചാലുകളിൽ
നീന്തിയെത്തും പൊടിമീൻ-
പോലയെൻ കൂട്ടരും
സന്തോഷത്തോടെ നിങ്ങൾ
പോകുന്നേരം
സങ്കടം പിന്നാലെ വരുമല്ലോ
പുഴയും കിണറും നിറഞ്ഞല്ലോ
പാലങ്ങളെല്ലാം മൂടിയല്ലോ
സ്കൂളിൽ പോകാതിരുപ്പായി



മഴയെ ശപിക്കാൻ തുടക്കമായി.
വീടുകൾ മുങ്ങിയൊഴുകുന്നു
വേരോടെ മരങ്ങളും കൂടെപോയി

സന്തോഷത്തിൻ നാളുകളോ
വൈഷമ്യത്തിൻ നാളുകളോ
മഴയുടെ വരവ് ഭീകരമായ്
കണ്ണീരിൻ ദിനങ്ങളുമായ്
സ്കൂളെല്ലാം തുറന്നല്ലോ
മഴത്തുള്ളികളും വന്നല്ലോ
സൂര്യകിരണങ്ങൾ എന്നുവരും
ചൂടിൻ തരികൾ എന്നുവരും
മണ്ണുംമനുഷ്യനും ജന്തുക്കളും
സൂര്യകിരണങ്ങൾക്ക് കാത്തിരിപ്പായ്

സിൽജ
൭.ഇ

# കാത്തിരുന്ന ആ നിമിഷം

കാത്തിരുന്ന ഞാൻ എൻ മഹാ പ്രാണനെ
ജീവിതകാലത്തിനപ്പുറമെക്കിലും
എൻ മകൻ നൽകീടും സ്നേഹവാത്സല്യവും
സ്നേഹം പുതച്ചീടും എൻഹൃദയത്തിലും
എൻ മകൻ നൽകീടും സ്നേഹത്തെ
ഓർത്തനാൾ എൻ മനസ്സിലെത്തു സന്തോഷ
നാളുകൾ.

അവന്റെ സ്നേഹമെന്നും നഷ്ടപ്പെ-
ട്ടന്നേരം എന്റെ മനസ്സിൽ തീയാളി-
ക്കത്തുന്നു എന്റെ പ്രാണനെ
പോകരുതേ എന്നും എന്റെ
മനസ്സിലെ വാഗ്ദാനം വിടരുന്നു

അവൻ എന്നെ മറന്നനാൾ
ഞാൻ അനാഥനായ്
എനിക്കാരുമില്ലെന്നൊരുചിന്തയായ്-
എന്റെ മനസ്സിലെ സ്നേഹം
അണഞ്ഞുപോയ്.എന്റെ
മനസ്സും എന്നെ മറന്നുപോയ്

ഷിൻസിമോൾ.യു

# ഓർമ്മത്തുണ്ടുകൾ

# എൻ സി സി







# ജെ ആർ സി



# കായികം







# ശാസ്ത്രോത്സവം





# സ്കൗട്ട്&ഗൈഡ്സ്







# വർണ്ണങ്ങൾ വിസ്മയങ്ങൾ

ആർ രതി& അനഘ





പി. എസ്. മുകേഷ്





# നിറഭേദങ്ങൾ

നിൻ തണലിൽ എൻ ഉദയം
നിലാവിൻ സ്വച്ഛന്ദസൈ്വര്യം
വെയിലാളവെ എരിയുന്ന പ്രണയം
തീച്ചൂളയിൽശോഭയേറിടുന്നു

എങ്ങും നിൻസ്വനം,ലോകം ഒരു ബിന്ദുവായ്
ഇരവുപകലുകൾ മാത്രയായ് മാറുന്നു
തണൽ പറ്റിയ വടവൃക്ഷങ്ങൾ

വെറും എ.ടി.എം കാർഡായി മാറവെ
ലോകം മുഴുവൻ തന്നെയാണുറ്റു
നോക്കുന്നതെന്ന തോന്നലിൽ

എല്ലാം വെല്ലാൻ ദാർഷ്ട്യത്തോടെ-
യെതിർക്കാൻ

എവിടന്നുകിട്ടി ധൈര്യം?
സിന്ദൂര സന്ധ്യകൾ മാടിവിളിക്കവെ
ഭൂതകാലഭ്രമങ്ങൾ മിഥ്യയായ്



പ്രണയമിനി വെറും യാഥാർത്ഥ്യങ്ങളോ?

ജീവിതമൊരു കീറാമുട്ടി,ആവർത്തിക്കുന്ന ചോദ്യങ്ങൾ

സ്നേഹമോ? എന്താണത്?

ആതുരം,അപകടം,അനുഭവം
മുങ്ങിപൊങ്ങുന്ന കാലം

ഒരു കുളിർതെന്നലായ്,തിരുവാതിര
കാറ്റുപോൽ ബോധിവൃക്ഷത്തെന്നൽ
അറിഞ്ഞു ഞാനാദിവ്യ സ്പർശം

ശാന്തിയേകുന്നൊരാത്മാനന്ദം
ഇതിൽ ഞാനലിയട്ടെ.....
എന്നും എന്നും എന്നും........

സുത പി

# പിതൃമനസ്സിലെ മാതൃഹൃദയം

ഏറ്റവും പ്രസിദ്ധമായ താരാട്ടുപാട്ട് ശ്രീ. ഇരയിമ്മൻ തമ്പി സ്വാതിതിരുനാളിനു വേണ്ടി എഴുതിയ 'ഓമനത്തിങ്കൾ കിടാവോ'......ഈ താരാട്ടുപാട്ട് ഒരിയ്ക്കലെങ്കിലും പാടാത്ത ഒരമ്മയും നമ്മുടെ നാട്ടിൽ ഉണ്ടാകില്ല. ഒരിയ്ക്കലെങ്കിലും കേട്ട് ഉറങ്ങാത്ത ഒരു പിഞ്ചുപൈതൽ പോലും മലയാളക്കരയിൽ ഉണ്ടാകില്ല. ഇതിലെ ഓരോ വരിയിലും അമ്മയ്ക്ക് കുഞ്ഞിനോടുള്ള സ്നേഹവും,വാത്സല്യവും വഴിഞ്ഞൊഴുകുന്നു. പ്രകൃതിയിൽ കാണുന്നവയിൽ വച്ചേറ്റവും മനോഹരമായവയുമായിട്ടാണ് പിഞ്ചോമനയെ ഉപമിച്ചിരിയ്ക്കുന്നത്. ഈശ്വരൻ തന്ന നിധിയായിട്ടാണ് പിഞ്ചുകുഞ്ഞിനെ കാണുന്നത്. ഈശ്വരന്റെ നിധിയെ കാത്തുസൂക്ഷിയ്ക്കുന്നതുപോലെത്തന്നെയാണ് ഒരമ്മ തന്റെ കുഞ്ഞിനെ കാത്തുസൂക്ഷിക്കുന്നത് (വളർത്തുന്നത്). കുഞ്ഞിനെ ഇത്രയധികം താലോലിയ്ക്കാനും, ഓമനിയ്ക്കാനും, സ്നേഹിയ്ക്കാനും ഒരമ്മയ്ക്ക് മാത്രമേ കഴിയൂ. അമ്മയുടെ സ്നേഹം, ലാളന ഇവ ഇത്രയധികം വ്യക്തമാക്കുന്ന ഈ വരികൾ എഴുതിയത് ഒരമ്മയല്ല മറിച്ച് ഒരച്ഛനാണ് എന്നുള്ളതാണ് നാമിവിടെ ഓർക്കേണ്ട വസ്തുത. മാതൃഹൃദയം ഒരച്ഛനിൽ നമ്മുക്ക് കാണാൻ കഴിയുന്നു.

ഏതാണ്ട് അറുപത് വർഷങ്ങൾക്കിടയിലുള്ള സിനിമാഗാനങ്ങളിൽ വന്നിട്ടുള്ള താരാട്ടുപാട്ടുകൾ ശ്രദ്ധിയ്ക്കുമ്പോൾ നമ്മുക്ക് ഈ വസ്തുത കൂടുതൽ ഉറപ്പിയ്ക്കാൻ കഴിയും. താരാട്ടുപാട്ടുകളുടെ അലയൊലികൾ പല സിനിമ ഗാനങ്ങളിലും കേൾക്കാറുണ്ട്.



ഉദാഹരണമായി 'സീത' എന്ന സിനിമയിൽ സീത ലവകുശൻമാരെ ഉറക്കുന്ന 'പാട്ടുപാടി ഉറക്കാം ഞാൻ.......' എന്ന താരാട്ടുപാട്ട് നമ്മുടെ മനസ്സിൽ എന്നെന്നും നിലനില്ക്കുന്നു. ഇതു

എഴുതിയത് ഒരച്ഛനായ ശ്രീ 'അഭയദേവ് ' ആണ്. ഇവിടെയും ഒരു മാതൃഹൃദയം അദ്ധേഹത്തിൽ നമുക്ക് ദർശിയ്ക്കാൻ കഴിയും. ഇങ്ങനെ എത്രയോ ഉദാഹരണങ്ങൾ നമുക്ക് നിരത്താൻ കഴിയും.'കണ്ണും പൂട്ടി ഉറങ്ങുക നീയെൻ.......- ശ്രീ അഭയദേവ്
'ഉണ്ണിവാവാവോ.........'-കൈതപ്പുറം ദാമോദരൻ നമ്പൂതിരി
'എങ്ങിനെ ഞാൻ ഉറക്കേണ്ടു.......'- കൈതപുറം ദാമോദരൻ നമ്പൂതിരി
രാരീ രാരീരം രാരോ.....','ചാഞ്ചാടിയാടി ഉറങ്ങു നീ.......'
ഇങ്ങനെ നിരവധി,നിരവധി ഉദാഹരണങ്ങൾ നമുക്ക് നിരത്തി വയ്ക്കാൻ കഴിയും.

'സ്നേഹസീമ' എന്ന സിനിമയിലെ 'കണ്ണും പൂട്ടി ഉറങ്ങുക നീയെൻ കണ്ണേ പുന്നാര പൊന്നു മകനെ......'എന്നു തുടങ്ങി വളരെ പുതിയ ചിത്രമായ 'കളിമണ്ണിലെ"ലാ....ലീ.....' എന്ന ഗാനം വരെ ഇതിന്റെ ഉത്തമോദാഹരണങ്ങളാണ്.

മാതൃസ്നേഹം മനസ്സിലേറ്റിനടക്കുന്ന ആ പിതൃമനസ്സുകളോടുള്ള സ്നേഹം,ആദരവ് മനസ്സിൽ സൂക്ഷിച്ചുകൊണ്ട് അവരെ മനസാ നമിക്കുന്നു.

ചുരുക്കത്തിൽ എല്ലാ പിതാക്കൻമാരിലുമുണ്ട് മാതൃഭാവം. എല്ലാ സ്ത്രീകളിലുമുണ്ട് പുരുഷന്റെ ധൈര്യവും,ശക്തിയും. അർദ്ധനാരീശ്വരൻ എന്ന സങ്കല്പം ഒരുപക്ഷേ ഇതിൽ നിന്നും ഉരുത്തിരിഞ്ഞതാകാം

**എ.എം .രമ**

# ശ്മശാനം

ഓർക്കാതിരിക്കാനാവില്ലെനിക്ക്
ഓർമ്മകൾ തട്ടിത്തികട്ടുന്നു നെഞ്ചിൽ
അദിതിയുണ്ടാസിഫയുണ്ടതിൽ പിന്നെ
മധുവുണ്ട്, ശുഹൈബുണ്ട് പിന്നെയും കൂട്ടർ
ഇവരെന്റെ കൂടപ്പിറപ്പുകളെങ്കിലും
ഒരുനോക്കു കാണാൻ കഴിയാതിരുന്നോർ
ഒരു ചോരയൊരു രൂപമൊരുദേശമെങ്കിലും
പലജാതി ദൈവങ്ങൾ ചുറ്റിലുമുള്ളോർ.
പകയാണെനിക്ക് സ്വയമെന്നോടു തന്നെ
നരനായി നാട്ടിൽ പിറന്നതിൽ പിന്നെ
പകയാണെനിക്ക് സ്വയമെന്നോടു തന്നെ
പരനുള്ളു കാണുവാൻ കഴിയാത്തതെന്തേ....?



പോരടിക്കുന്നതീ ആസുരരൂപങ്ങൾ.
വാളെടുത്തട്ടഹസിക്കുന്ന വേഷങ്ങൾ
എന്തേ ......മിഴികളടഞ്ഞു പോകുന്നുവോ......?
ക്ഷേത്രങ്ങൾ പോലും
ശ്മശാനമാകുന്നുവോ..........?


**ശ്രീവത്സൻ കെ**

## മരപ്രഭു

(സന്തോഷ് ഏച്ചിക്കാനം)

2015-ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്ന ഒരു കഥയാണ് സന്തോഷ് ഏച്ചിക്കാനത്തിന്റെ "മരപ്രഭു" എന്ന ചെറുകഥ. ആനുകാലികസംഭവമായ ശ്രീപത്മനാഭ സ്വാമിക്ഷേത്രത്തിലെ നിലവറയുമായി ബന്ധപ്പെടുത്തിയാണ് ഈ കഥ രചിച്ചിരിക്കുന്നത്. ഈ കഥയിൽ  ഒരുപാട് കഥാപാത്രങ്ങളൊന്നും ഇല്ല.

ദാസപ്പൻ എന്ന കഥാപാത്രത്തിലൂടെയാണ് കഥ അവതരിപ്പിക്കുന്നത്. തെരുവുബാലനായ ദാസപ്പൻ നിന്റെ അച്ഛൻ ശ്രീപത്മനാഭനാണെന്ന് അമ്മ പറഞ്ഞു കൊടുക്കുന്നു. അത് ദാസപ്പനിൽ ഉറച്ചവിശ്വാസമായിത്തീർന്നു. അവന് സങ്കടം വരുമ്പോഴെല്ലാം ശ്രീപത്മനാഭനുമായി സംസാരിക്കും. ചരിത്രം എന്തു തന്നെയായാലും ദാസപ്പന്റെ മനസ്സിൽ ഇന്നും അച്ഛന്റെ സ്ഥാനത്ത് ശ്രീപത്മനാഭ സ്വാമിയാണ്. ഈശ്വരനുള്ളപ്പോൾ ആരും അനാഥരല്ല എന്ന തത്ത്വമാണ് ദാസപ്പനുള്ളത്. അമ്മ മരിച്ചശേഷം ചായക്കടക്കാരൻ ഹുസൈനാണ് ദാസപ്പന്റെ കൂട്ട്.



അങ്ങനെ ഒരു ദിവസം ശ്രീപത്മനാഭൻ നേരിട്ടുവന്ന് അമ്പലത്തിലേക്ക് കൂട്ടികൊണ്ടുപോകുന്നു.നിലവറയിൽ നിന്ന് ആഭരണങ്ങൾ ദാസപ്പൻ നൽകുന്നതായും അവൻ പറയുന്നു. നിരന്തരം അവൻ ശ്രീപത്മനാഭനുമായി ഫോണിൽ സംസാരിക്കുകയും ഇല്ലാത്ത കാര്യങ്ങൾ ഉണ്ടെന്ന് തോന്നുകയുംചെയ്യുന്നത് ഒരു രോഗമായിട്ടാണ് അവനെ പരിചയം ഉള്ളവർ പറയുന്നത്. ദൈവങ്ങൾക്കിടയിലും ഉള്ളവനും ഇല്ലാത്തവനും ഉണ്ടെന്ന് പെരുമാൾ അവനോട് പറയുന്നുണ്ട്.

ഭക്തികൊണ്ടല്ല എന്നെ കാണാൻ ജനങ്ങൾ വരുന്നത് മറിച്ച് ഞാൻ എത്രത്തോളം പണക്കാരനാണെന്ന് അറിയാനാണ് അവർ വരുന്നത് എന്നും ഒരു സന്ദർഭത്തിൽ പെരുമാൾ പറയുന്നുണ്ട്. നിലവറയിൽ കാണുന്ന സമ്പത്തെല്ലാം ജനങ്ങളുടേത് ആണെന്നും പെരുമാൾ ദാസപ്പനോട് പറയുന്നത് അതു കൊണ്ടാണ്. ശ്രീപത്മനാഭന്റെ നിലവറ തുറക്കാൻ പോകുന്നു എന്ന് എല്ലാവരും പറയുമ്പോൾ ദാസപ്പൻ മാത്രം ജനങ്ങളുടെ നിലവറ എന്നാണ്ഉറക്കെ വിളിച്ച് പറയുന്നത്. തിക്കിലും തിരക്കിലും പെട്ട് ദാസപ്പൻ വീഴുകയും അവന് അപസ്മാരം ഉണ്ടാവുകയും ചെയ്യുന്നു. ആ സമയത്ത് ആരോ ഒരു താക്കോൽ അവന്റെ കയ്യിൽ പിടിപ്പിക്കുന്നു. ബോധം തെളിയുമ്പോൾ അവന്റെ കയ്യിൽ ആ താക്കോൽ ഉണ്ട്. അവൻ പോക്കറ്റിൽ നിന്ന് മൊബൈൽ എടുത്ത് ശ്രീപത്മനാഭനെ ഫോൺ ചെയ്യുന്നെങ്കിലും ഈ നമ്പർ നിലവിലില്ല എന്ന മറുപടി അവനെ സങ്കടപ്പെടുത്തുന്നു. അകത്തു നിന്ന് പരിശോധക്കാർ ഇരുപതിനായിരം കോടിയുടെ സ്വത്തുണ്ടെന്ന് പ്രഖ്യാപിക്കുന്നു.ഇതോടെ കഥ അവസാനിക്കുകയാണ്.

ഭ്രാന്തന്റെ ജല്പനങ്ങളിലൂടെയാണ് ഈ കഥ അവതരി പ്പിച്ചിരി-ക്കുന്നതെങ്കിലും സമ്പത്ത് നിലവറകളിൽ സംരക്ഷിക്കേണ്ടതല്ല .അത് ജനങ്ങൾക്കുവേണ്ടി ചിലവഴിക്കേണ്ടതാണ് എന്നാണ് കഥാകൃത്ത് പറയുന്നത്. എന്നാൽ സാധാരണക്കാരന് അതിന്റെ പങ്ക് അനുഭവിക്കാൻ സാധിക്കില്ല എന്നും അതെല്ലാം മേലാളന്മാരുടെ കയ്യിൽ ഭദ്രമാണെന്നുമുള്ള കാര്യം പകുതി കളിയും പകുതി കാര്യവുമായി ചൂണ്ടി കാണിക്കുന്നു. അതിനാൽ ഈ കഥ വായനക്കാരെ ഇരുത്തി ചിന്തിപ്പിക്കും .

**പി.സരസ്വതി**

# നിഴൽ

ഓർമ്മകൾ ജനിച്ചപ്പോൾ നീയും ജനിച്ചു.
കണ്ണുകളിൽ വന്നുപോയ നിന്നെ
തലച്ചോററിയാൻ വൈകി....നിനക്ക്
ഇരുട്ടിന്റെ ഭംഗി ആയതുകൊണ്ടാവാം
ആരും നിന്നെ കാണാഞ്ഞത്....ചിലർ
നിന്നെ ഭയക്കും,ചിലർ നിന്നോട് കളിക്കും
കൈകാലുകൊണ്ടു ഗോഷ്ടി
കാണിക്കും.....
കറന്റ് പോകുന്ന രാത്രികളിൽ മാത്രം
നിന്നെ ഞാൻ ചുവരിൽ നോക്കി
അപ്പോൾ 'അമ്മ പറഞ്ഞെന്നോട്
എനിക്ക് പനി വരുമെന്ന്!!!!!
നീയെന്റെ കണ്ണീരിനെ മറച്ചു...
നീയെന്റെ ചിരിയെ മറച്ചു...
ഞാൻ കുതിക്കുമ്പോൾ നീയുംകുതിച്ചു
ഞാൻ കിതയ്ക്കുമ്പോൾ നീയും......
കാലം എന്റെ വീട്ടിൽ പല അതിഥികളെയും എത്തിച്ചു......
ജീവിതം എന്നെ അതിന്റെ കയത്തിലാഴ്ത്തി....
നിന്നെ ഞാൻ മറന്നു.....
അതിഥകൾ തീർത്ത മായാലോകത്തു ഞാൻ റാണി....
ചമഞ്ഞു .....ഇന്ന് അതിഥികൾക്ക്
പോകാൻ നേരമായി, ഇരുട്ടു വീണ രാത്രിയിൽ
ഒരു മെഴുകുതിരി കത്തിച്ചുവച്ചു ഞാൻ-
നിന്നെ ചുവരിൽ തേടി....
എന്നെ നോക്കി കൊഞ്ഞനം കുത്തുന്ന
ഏകാന്തതയെ നോക്കി എനിക്ക്
അഹങ്കാരത്തോടെ ചിരിക്കാൻ



**ആർ ഭാവന**

# വിരൽത്തുമ്പ്

വിരൽത്തുമ്പു കൊണ്ടൊരു
മായിക ലോകം സൃഷ്ടിച്ച ശാസ്ത്രം
പൃഥിവിൻ മക്കളാം നമ്മളതിൽ
ആഹ്ലാദചിത്തരായ് മുഴുകിയിരിക്കുന്നു
മുലപ്പാലിൻ മാധുര്യം വിട്ടുമാറത്തൊരിത്തിരി-
ക്കുഞ്ഞൻ മുതൽ വടിയൂന്നും വാർദ്ധക്യവും
അതിലഭിരമിക്കുന്നു
തന്റെ ചുറ്റിലും നടക്കുന്നതിനെല്ലാം
മൂകസാക്ഷിയായ്....വിരൽ തുമ്പിനാ-
ലൊരു മൃദുസ്പർശം കൊണ്ടവൻ
വീണ്ടുമാലസ്യത്തിലാണ്ടിരിക്കുന്നു.....




**പ്രബിത.ആർ.ജി**

# നേർക്കാഴ്ചകൾ

ആ നേരിൻ കാഴ്ചകൾ ....
പോയകാലത്തിൻ സ്മരണയായ്
ഈറനണിഞ്ഞകണ്ണുകൾ ചിമ്മിയും
വിതുമ്പിയ ചുണ്ടുകൾ ഒതുക്കിപ്പിടിച്ചും
നിശ്ചലയായൊരമ്മതൻ വായിൽ
അന്ത്യാന്നം അർപ്പിക്കുന്ന മക്കൾ.
തൻ വിശപ്പൊതുക്കിയമ്മ മക്കൾക്കായ്
നീട്ടിയാക്കൈകൾ നേർക്കാഴ്ച്ചയായ് മാറിയപ്പോൾ..
വാരിയെടുത്തോരമ്മതൻ മേനി
കോടിയുടുപ്പിച്ച നേരം,
പുത്തനുടുപ്പണിയിച്ച പുഞ്ചിരിച്ചോ-
രമ്മതൻ മുഖമെന്നിൽ ഓടിയെത്തി.
പറമ്പിന്റെ തെക്കിനിയോരത്തു
ചിതകൂട്ടുന്നേരം.....
തുണിത്തൊട്ടിലിൽ കിടത്തിയുറക്കി-
യോരമ്മതൻ രൂപം കണ്ടു ഞാൻ.
എല്ലാം ഭസ്മമായ് മാറുവാൻ
എത്ര നാൾ.....?
എന്തിനേറെ കൊതിക്കുന്നു മാനുഷർ
അമ്മതൻ ശക്തിയോർത്തുകൊണ്ടോ-
രോ വൃദ്ധസദനങ്ങളും പൂട്ടുവാൻ തുടങ്ങട്ടെ...



**മഞ്ജുഷ.പി.വി**

# പാതാളം

നിസ്സഹായതയുടെ തുരുത്തിലാണ് ഞാൻ.......
മുന്നിൽ.......ആർത്തലക്കുന്ന സമുദ്രം.
പുറകിൽ....... ഭീതി പരത്തുന്ന കൊക്ക.
വശങ്ങളിൽ വൈദ്യുതി പ്രവഹിക്കുന്ന കമ്പിവേലികൾ.
മുകളിൽ....... കത്തിജ്ജ്വലിക്കുന്ന സൂര്യൻ .
ശരണം ഇനിയൊന്ന് മാത്രം.
ഒരിക്കൽ ഞാൻ ഭയന്നതാണ് .
ആ പേരെന്നെ ഭയപ്പെടുത്തിയതുമാണ്.
എങ്കിലും ആശിച്ച് പോകുന്നു ഞാൻ
നെഞ്ച് പിളർക്കപ്പെടുന്നതിനുമുമ്പ്
പിളർക്കപ്പെട്ട ഭൂമിപ്പുഴതിലൂടെ
ചവിട്ടിതാഴ്ത്ത പ്പെടാൻ ..........
പാതാളത്തിലെത്താൻ...........

**ശ്രീവത്സൻ .കെ**

# നന്ദി

ആശങ്കകളുണ്ടായിരുന്നു.......
ഇറങ്ങിത്തിരിക്കുമ്പോൾ......
അനുഭവങ്ങളുടെ അപര്യാപ്തത.
സൃഷ്ടികളുടെ ലഭ്യത........
സമയക്കുറവിന്റെ ധാരാളിത്തം.....
പിന്തുണയുടെ പോരായ്മ......
അങ്ങനെയങ്ങനെ.......
ഒടുവിൽ.........
......
സംതൃപ്തി സന്തോഷം .......
ഇനി......
വിലയിരുത്തേണ്ടത് ഞങ്ങളല്ല.......
നിങ്ങളിലർപ്പിക്കുന്നു....
തിരിഞ്ഞ് നോക്കുമ്പോൾ.......
നന്ദി പറയേണ്ടത് ഒരുപാട് പേർക്ക്......
ആരുടേയും പേര് രേഖപ്പെടുത്തുന്നില്ല.....
എല്ലാവർക്കും.....എല്ലാവർക്കും....
ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന്....
ഒരൊറ്റ വാക്ക് മാത്രം.....
നന്ദി.......

**ലിറ്റിൽ കൈറ്റ് യൂണിറ്റ്**


ശുഭം